# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2355** 07.02.2019-ൽ മറുപടിയ്ക്ക്

**<u>കാരുണ്യ ബനവലന്റ് ഫണ്ടിൽ നിന്നും ധനസഹായം</u>**

| **<u>ചോദ്യം</u>**<br>ശ്രീ.എ.പി. അനിൽ കുമാർ | **<u>മറുപടി</u>**<br>**ഡോ. ടി. എം. തോമസ് ഐസക്**<br>**(ധനകാര്യവും കയറും വകുപ്പുമന്ത്രി)** |
|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാരുണ്യ, കാരുണ്യപ്ലസ് എന്നീ ലോട്ടറികളിലൂടെ ലഭിച്ച ആകെ വിറ്റുവരവ് എത്രയെന്നും അതിന്റെ അറ്റാദായം എത്രയെന്നും വ്യക്തമാക്കുമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കാരുണ്യ, കാരുണ്യ പ്ലസ്, എന്നീ ലോട്ടറികളിലൂടെ സമാഹരിച്ച തുക, ഏകദേശ അറ്റാദായം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| വർഷം | കാരുണ്യ ഭാഗ്യക്കുറി | വിറ്റുവരവ് (കോടിയിൽ) | അറ്റാദായം (കോടിയിൽ) (Approximate) |
|---|---|---|---|
| 2016-17 | KR 235 to KR 286 | 886.65 | 192.77 |
| 2017-18 | KR 287 to KR 339 | 1249.67 | 207.97 |
| 2018-19 | KR 340 to 380 (2019 ജനുവരി വരെ) | 1049.66 | 166.03 |
| വർഷം | കാരുണ്യ പ്ലസ് ഭാഗ്യക്കുറി | വിറ്റുവരവ് (കോടിയിൽ) | അറ്റാദായം (കോടിയിൽ) (Approximate) |
| 2016-17 | KN 104 to KN 154 | 865.51 | 177.49 |
| 2017-18 | KN 155 to KN 206 | 1237.38 | 204.02 |
| 2018-19 | KN 207 to KN 249 (2019 ജനുവരി വരെ) | 1054.58 | 165.37 |

| | | | |
|---|---|---|---|
| (ബി) | ഇപ്രകാരം ലഭിച്ച അറ്റാദായത്തിൽ നിന്നും 15.1.2019 വരെ എത്ര തുക പാവപ്പെട്ട രോഗികൾക്ക് വേണ്ടി കാരുണ്യ ബനവലന്റ് ഫണ്ടിൽ നിന്നും ധനസഹായമായി നൽകി; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 15.01.2019 വരെ കാരുണ്യ ബനവലൻറ് ഫണ്ടിൽ നിന്നും 766,54,79,422/- രൂപ ധനസഹായമായി നൽകിയിട്ടുണ്ട്. |
| (സി) | കാരുണ്യ ബനവലന്റ് പദ്ധതി 15.1.2019 മുതൽ നിർത്തലാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ കാരുണ്യ ലോട്ടറിയിൽ നിന്നും ലഭിക്കുന്ന അറ്റാദായം എപ്രകാരം വിനിയോഗിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | കാരുണ്യ ബനവലൻറ് പദ്ധതി 15.01.2019 മുതൽ നിർത്തലാക്കുവാൻ തീരുമാനിച്ചിട്ടില്ല. എന്നാൽ പുതിയ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ കാരുണ്യ ബനവലൻറ്ഫണ്ട് ലയിപ്പിക്കുമെന്ന് ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽ നിന്നുള്ള 29.05.2018-ലെ G.O(Rt) No.1739/18/H&FWD പ്രകാരം സർക്കാർ ഉത്തരവായിരുന്നു. പ്രസ്തുത ആരോഗ്യ സുരക്ഷാ പദ്ധതി 01.04.2019 മുതൽ നടപ്പിലാ ക്കുമെന്ന് 11.01.2019-ലെ G.O(Rt) No/63/ 2019/H&FWD നം.പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ